**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** **22-02-2022 - ൽ മറുപടിയ്ക്ക്**

**അതിവേഗ റെയിൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2011 മെയ് മുതൽ 2016 മെയ് വരെയുള്ള കാലയളവിൽ അതിവേഗ റെയിൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടോ; | (എ) | 2009 ലെ ബജറ്റ് പ്രസംഗത്തിൽ കാസർഗോഡിനെയും തിരുവനന്തപുരത്തെയും ബന്ധിപ്പിക്കുന്ന ഒരു ഹൈ സ്പീഡ് റെയിൽ കോറിഡോർ കേരളത്തിൽ സ്ഥാപിക്കാൻ വിഭാവനം ചെയ്യുന്നുണ്ട് എന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന് തുടർച്ചയായി പദ്ധതിയുടെ മുൻകൂർ സാധ്യതാ പഠനം നടത്തുവാനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ (DMRC) ചുമതലപ്പെടുത്തുകയും തുടർന്ന് 13.02.2012 ൽ കൂടിയ സർവ്വകക്ഷി സമ്മേളനത്തിന്റെ തീരുമാന പ്രകാരം വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്നതിനുള്ള ചുമതല DMRC -യെ ഏൽപ്പിക്കുകയുമുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനായി, ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി – "കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KHSRCL)" എന്ന പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. അതിവേഗ റെയിൽ പദ്ധതിയ്ക്കായി 2011-16 കാലയളവിൽ വകയിരുത്തിയ ബജറ്റ് വിഹിതവും ചെലവും ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷം ബജറ്റ് വിഹിതം ചെലവ് റിമാർക്സ് (തുക ലക്ഷത്തിൽ) 2011-12 5000 5000 2011-12 ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ 50 കോടി രൂപ അനുവദിച്ചു 2012-13 100 100 2013-14 1 0 2014-15 1 0 2015-16 1 0 |
| (ബി) | ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | 2009 ലെ ബജറ്റ് പ്രസംഗത്തിൽ കാസർഗോഡിനെയും തിരുവനന്തപുരത്തെയും ബന്ധിപ്പിക്കുന്ന ഒരു ഹൈ സ്പീഡ് റെയിൽ കോറിഡോർ കേരളത്തിൽ സ്ഥാപിക്കാൻ വിഭാവനം ചെയ്യുന്നുണ്ട് എന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന് തുടർച്ചയായി പദ്ധതിയുടെ മുൻകൂർ സാധ്യതാ പഠനം നടത്തുവാനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ (DMRC) ചുമതലപ്പെടുത്തുകയും തുടർന്ന് 13.02.2012 ൽ കൂടിയ സർവ്വകക്ഷി |

| | | | |
|---|---|---|---|
| | | | സമ്മേളനത്തിന്റെ തീരുമാന പ്രകാരം വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്നതിനുള്ള ചുമതല DMRC -യെ ഏൽപ്പിക്കുകയുമുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനായി, ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി – “കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KHSRCL)” എന്ന പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. അതിവേഗ റെയിൽ പദ്ധതിയ്ക്കായി 2011-16 കാലയളവിൽ വകയിരുത്തിയ ബജറ്റ് വിഹിതവും ചെലവും ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷം ബജറ്റ് വിഹിതം ചെലവ് റിമാർക്സ് (തുക ലക്ഷത്തിൽ) 2011-12 5000 5000 2011-12 ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ 50 കോടി രൂപ അനുവദിച്ചു 2012-13 100 100 2013-14 1 0 2014-15 1 0 2015-16 1 0 |

സെക്ഷൻ ഓഫീസർ